# മാർത്തോമ്മാ സൺഡേസ്കൂൾ സമാജം

## അഖില ലോക സൺഡേസ്കൂൾ ദിനം

## 2015 നവംബർ 1 ഞായർ

## ആരാധനാക്രമം

(മാർത്തോമ്മാ മെത്രാപ്പോലീത്താ അംഗീകരിച്ചത്)

**പാട്ട്**

**കൗമ്മാ**

### പ്രാരംഭ പ്രാർത്ഥന

ദൈവമായ കർത്താവേ, ഈ പ്രഭാതത്തിൽ നിന്നെ ആരാധിക്കുവാൻ ഞങ്ങളെ കൂട്ടിക്കൊണ്ടു വന്നതിനായി നിന്നെ മഹത്വപ്പെടുത്തുന്നു. ബാല്യകാലം മുതൽ നിന്നെക്കുറിച്ചുള്ള അറിവിലും പരിജ്ഞാനത്തിലും വളരുവാൻ ഞങ്ങളെ സഹായിക്കുന്നുവല്ലോ. നിന്റെ ശരീരമായ സഭയുടെ സണ്ടേസ്കൂൾ പ്രസ്ഥാനത്തിലൂടെ ലഭിക്കുന്ന ദൈവവചന പഠനത്തിലൂടെ നിനക്ക് പുകഴ്ചയുള്ള ജീവിതം നയിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. സർവ്വ പുകഴ്ചയ്ക്കും യോഗ്യനായ ത്രിയേക ദൈവത്തിന്റെ ചൈതന്യം ഞങ്ങളിലൂടെ വെളിപ്പെടുമാറാകണമേ. ആമ്മേൻ.

നമ്മുടെ കുറവുകളെ ദൈവസന്നിധിയിൽ ഏറ്റു പറയാം. '**ഞങ്ങളോട് ക്ഷമിക്കണമേ**' എന്നു പ്രതിവാക്യമായി പറയണം.

1. മറ്റുള്ളവരുടെ അഭിപ്രായങ്ങളെ മാനിക്കാതെ, ഞങ്ങളുടെ അഭിപ്രായങ്ങൾക്ക് മുൻതൂക്കം നൽകിയത് ദൈവമേ...
2. മറ്റുള്ളവരെ നിസ്സാരന്മാരായി കരുതുന്ന ഞങ്ങളുടെ അഹങ്കാര മനോഭാവത്തെ ദൈവമേ...

3. മറ്റുള്ളവരെ ഞങ്ങളുടെ സ്വാർത്ഥ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ഉപകരണങ്ങളായി കണ്ട കുറവിനെ ദൈവമേ...

4. ദൈവവചന പഠനത്തിൽ താൽപര്യമില്ലാതെയും, ആരാധനയിൽ അലംഭാവത്തോടെ പങ്കെടുത്തുപോയ കുറവിനെയും ദൈവമേ...

5. ഞങ്ങളുടെ മാതാപിതാക്കളെയും അദ്ധ്യാപകരെയും അനുസരിക്കാതെ വേദനിപ്പിച്ചതും ഞങ്ങളുടെ ഇത്തരം തെറ്റുകളെ തിരുത്തുവാൻ കൂട്ടാക്കാത്തതും ദൈവമേ...

ദൈവം നമുക്ക് നൽകിയിട്ടുള്ള കൃപകൾക്കായി നമുക്ക് സ്തോത്രം ചെയ്യാം. '**ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു**' എന്ന് പ്രതിവാക്യമായി പറയാം.

1. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും മാതാപിതാക്കളെയും, സഹോദരങ്ങളെയും, അയൽക്കാരെയും, ചാർച്ചക്കാരെയും നൽകിയതിനായി ദൈവമേ...
2. വിശ്വാസത്തിൽ വളരുന്നതിന് സഭയും, വചനത്തിൽ ഉറപ്പിക്കുന്നതിന് സണ്ടേസ്കൂൾ സമാജത്തെയും, സാമൂഹിക പ്രതിബദ്ധത ഞങ്ങളിൽ വളർത്തുന്നതിന് കൊല്ലം ആശ്രയയും, വയനാട്ടിലുള്ള സുഗന്ധഗിരി മിഷനെയും ഒരുക്കിയതിനായി ദൈവമേ...
3. ആത്മീയ ദർശനം നൽകുന്ന ഞങ്ങളുടെ വലിയ മെത്രാപ്പോലീത്ത, മെത്രാപ്പോലീത്ത, അഭിവന്ദ്യ തിരുമേനിമാർ, പട്ടക്കാർ, സുവിശേഷകർ, സേവിനിമാർ, സന്ന്യാസ സമൂഹം എന്നിവർക്കായി ദൈവമേ...

4. ബാലവേലയിൽ നിന്നും കുട്ടികളെ മോചിപ്പിക്കുന്ന പ്രവർത്തകർക്കായും, അനാഥ കുട്ടികളെ പുനരധിവസി

പ്പിക്കുന്ന സ്ഥാപനങ്ങൾക്കായും, വ്യത്യസ്ത കഴിവുള്ള കുട്ടികളെ പരിപാലിക്കുന്നവർക്കായും
ദൈവമേ...

5. വർഗ്ഗ, വർണ്ണ, മത വ്യത്യാസമില്ലാതെ കുട്ടികളുടെ പഠനത്തിൽ സഹായിക്കുന്ന മാർത്തോമ്മാ സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായും അവിടെ പ്രവർത്തിക്കുന്ന അദ്ധ്യാപക - അനദ്ധ്യാപകർക്കായും
ദൈവമേ...

മറ്റുള്ളവരുടെ ആവശ്യങ്ങളെ ദൈവകരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിക്കാം. '**ദൈവമേ ഞങ്ങളുടെ അപേക്ഷ കേൾക്കണമേ**' എന്ന് പ്രതിവാക്യമായി പറയണം.

1. യുദ്ധക്കെടുതികൾ, ഭീകരപ്രവർത്തനങ്ങൾ, രാഷ്ട്രീയ അസ്ഥിരത, ആഭ്യന്തര കലാപങ്ങൾ എന്നിവ നേരിടുന്ന രാഷ്ട്രങ്ങളെയും സമൂഹങ്ങളെയും ഓർക്കാം. വിശിഷ്യ ഇത്തരം സാഹചര്യങ്ങളിൽ തീവ്രമായ വേദനയും അപമാനവും സംഘർഷവും അനുഭവിക്കേണ്ടതായി വരുന്ന കുട്ടികളെയും സ്ത്രീകളെയും ഓർക്കാം.
ദൈവമേ...

2. മൂല്യബോധമുള്ള തലമുറയെ വാർത്തെടുക്കുവാൻ യത്നിക്കുന്ന മാദ്ധ്യമങ്ങൾ, സാമൂഹിക മാദ്ധ്യമങ്ങൾ എന്നിവയ്ക്ക് നേതൃത്വം കൊടുക്കുന്ന പ്രസ്ഥാനങ്ങളെയും വ്യക്തികളെയും ഓർക്കാം. പ്രത്യേകാൽ ക്രിസ്തീയ മൂല്യം പകരുന്ന ടി.വി. ചാനലുകൾ, നവ മാദ്ധ്യമക്കൂട്ടങ്ങൾ, പ്രസിദ്ധീകരണങ്ങൾ, സണ്ടേസ്കൂൾ സമാജം പ്രസിദ്ധീകരണമായ 'തളിരുകളുടെ' പ്രവർത്തനങ്ങൾ എന്നിവയ്ക്കുവേണ്ടി പ്രാർത്ഥിക്കാം.
ദൈവമേ...

3. സണ്ടേസ്കൂൾ സമാജത്തിന്റെ പ്രവർത്തനങ്ങളെ ദൈവ കരങ്ങളിൽ സമർപ്പിക്കാം. വിശിഷ്യ ക്യാമ്പുകൾ, കോൺഫറൻസുകൾ, വി.ബി.എസ്, മിഷൻ ടു പാരിഷ്, മിഷൻ ടു സ്കൂൾ, സെമിനാറുകൾ എന്നിവയ്ക്കായും സമാജം പ്രവർത്തകരെയും ഓഫീസ് സ്റ്റാഫ് അംഗങ്ങളെയും ഓർക്കാം.

ദൈവമേ...

**സമർപ്പണ പ്രാർത്ഥനയിൽ നമുക്ക്**
**ഒരുമിച്ച് പങ്കു ചേരാം.**

കർത്താവേ നിന്റെ വചനത്തിന്റെ വാഹകരാകുവാൻ ഞങ്ങളെ സഹായിക്കണമേ. അന്ധകാര ലോകത്തിൽ വെളിച്ചം പകരുവാനും, ജീവനിഷേധ ഇടങ്ങളിൽ ജീവന്റെ തുടിപ്പ് നൽകുവാനും, ഞങ്ങളെ സമർപ്പിക്കുന്നു. ആമ്മേൻ.

## ആശീർവ്വാദം

ത്രിയേക ദൈവത്തിന്റെ ചൈതന്യം നമ്മുടെ ഇടയിൽ വ്യാപരിച്ച് ലോകത്തിന് പ്രത്യാശ പകരുവാൻ ഇടയാക്കുമാറാകട്ടെ. ആമ്മേൻ.